## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1610 14.07.2016 ൽ മറുപടിക്ക്

### പരമ്പരാഗത വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) കൈത്തറി, കശുവണ്ടി, കയർ, കരകൗശലം, ഈറ്റ-പനമ്പ് , ഖാദി-ഗ്രാമവ്യവസായങ്ങൾ എന്നിവയെ പരമ്പരാഗത വ്യവസായങ്ങളായി കണക്കാക്കി വരുന്നു. |
| (ബി) പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ഏതെങ്കിലും പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) പരമ്പരാഗത വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. കരകൗശല മേഖലയിൽ ബനാന ഫൈബർ, കളിമൺ , സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൽമെറ്റൽ തുടങ്ങിയ മേഖലയിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>ഈറ്റ-പനമ്പ് മേഖലയിൽ സാമൂഹ്യ യന്ത്രവൽകൃത പനമ്പുനെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.<br>പരമ്പരാഗത കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ബിസിനസ് ഇൻക്യുബേറ്ററുകൾ സ്ഥാപിക്കൽ, കൈത്തറി ഗ്രാമം സ്ഥാപിക്കൽ, സ്വയം തൊഴിൽ പദ്ധതി, ആധുനികവത്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പ്രോത്സാഹനവും എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.<br>സർക്കാർ ധനസഹായത്തോടെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന എന്റെ ഗ്രാമം, തേൻകലവറ, സഹകരണ സംഘങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ തുടങ്ങിയ പദ്ധതികളിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് |

മുൻഗണന നൽകി വരുന്നുണ്ട്.

കശുവണ്ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി വാങ്ങുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ടെണ്ടർ വ്യവസ്ഥകളിൽ ചില ഇളവുകൾ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടുതൽ ആളുകൾ ടെണ്ടറിൽ പങ്കെടുക്കുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ